ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്. ഇപ്പോൾ ശബരി എ.ആർ.ഡി. പദ്ധതിപ്രകാരം 1674 റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലെ വിലയ്ക്ക് വിൽക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എല്ലാ റേഷൻകടകൾവഴിയും നിത്യോപയോഗസാധനങ്ങൾ കുറഞ്ഞവിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സബ്സിഡിയില്ലാത്ത അവശ്യസാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾവഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പൊതുവിപണിയേക്കാൾ കുറഞ്ഞത് 10% വിലക്കുറവിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏകദേശം 337 കോടിയോളം രൂപ ചെലവ്വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഉണ്ട്. കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിരുന്നെങ്കിലും നാളിതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ പലവ്യഞ്ജന സാധനങ്ങൾ ഹെഡ് ഓഫീസ്തലത്തിലും ഡിപ്പോതലത്തിലും വാങ്ങുന്നുണ്ട്. ഹെഡ് ഓഫീസ്തലത്തിൽ പലവ്യഞ്ജനങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയും ഡിപ്പോതലത്തിൽ പരിമിത ടെണ്ടർ മുഖേനയുമാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കൂടുതലായിവേണ്ടിവരുന്ന പലവ്യഞ്ജനങ്ങൾ ഇപ്രകാരംതന്നെ വാങ്ങുന്നതാണ്.

ജൈവ വൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ

26 (*25) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പഞ്ചായത്തുകളിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) എത്ര പഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ഡി) ജൈവവൈവിധ്യ പ്രദേശങ്ങളുടെ സംരക്ഷണത്തിനും ജൈവവൈവിധ്യ വർദ്ധനവിനും പഞ്ചായത്തുതലത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജൈവവൈവിധ്യപരിപാലനം സംബന്ധിച്ച് ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ജൈവവൈവിധ്യ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ :

(i) ജൈവവൈവിധ്യ സംരക്ഷണം ജൈവവിഭവങ്ങളുടെ ഘടകഭാഗങ്ങളുടെ സുസ്ഥിരത ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുൽഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വകമായ പങ്കുവയ്ക്കൽ, ഇവയുമായി ബന്ധപ്പെട്ടകാര്യങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക.

(ii) ഭാരതീയർക്ക് ഏതെങ്കിലും ജൈവവിഭവം വാണിജ്യപരമായി ഉപയോഗിക്കുന്നതിനോ, വ്യപ്തി നിർണ്ണയത്തിനോ, ജൈവ ഉപയോഗത്തിനോ ഉള്ള അംഗീകാരത്തിനോ മറ്റ്തരത്തിലുള്ള അപേക്ഷയോ അനുവദിക്കുന്നത് ക്രമീകരിക്കുക.

(iii) 2002-ലെ ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രാവർത്തിക മാക്കുവാൻ ആവശ്യമുള്ളതോ സംസ്ഥാന സർക്കാരിനാൽ നിർദ്ദിഷ്ടമായതോ ആയ ചുമതലകൾ നിർവ്വഹിക്കുക.

(ബി) ഗ്രാമപഞ്ചായത്തുകളിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചുകഴിഞ്ഞതേയുള്ളൂ. ഈ കമ്മിറ്റികൾ മുഖേന തയ്യാറാക്കേണ്ടുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കി കഴിഞ്ഞതിനുശേഷം മാത്രമേ ബി.എം.സി.-കളുടെ പ്രവർത്തനം വിലയിരുത്താനാവുകയുള്ളൂ.

(സി) 29 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കികഴിഞ്ഞു. 420 പഞ്ചായത്തുകളിൽ അവ തയ്യാറാക്കുന്നതിനുള്ള നടപടികൾ ബോർഡ്തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇതിൽ 125 എണ്ണത്തിൽ മാത്രമേ ഇപ്പോൾ മേൽനടപടികൾ എടുക്കാൻ കഴിയുന്നുള്ളൂ.

(ഡി) ബോർഡ് നേരിട്ട് രണ്ട് പഞ്ചായത്തുകളിൽ മാതൃകാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ചില പഞ്ചായത്തുകളിൽ കൂടി ജൈവവൈവിധ്യ സംരക്ഷണപദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) ഉണ്ട്. എല്ലാ വർഷവും സ്കൂളുകൾ, കോളേജുകൾ, പരിസ്ഥിതി/ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേന ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ മാദ്ധ്യമ പ്രവർത്തകർ, നീതിന്യായവകുപ്പ് അധികാരികൾ എന്നിവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിശേഷ അവസരങ്ങളിൽ പ്രത്യേക പരിസ്ഥിതി അവബോധ സെമിനാറുകൾ, വർഷംതോറും കുട്ടിക ുടെ പരിസ്ഥിതി കോൺഗ്രസ് എന്നിവയും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly